**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത് - എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷന് നൽകാനുള്ള തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും ചെലവഴിച്ചതിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

**സ.ഉ.(സാധാ) നം.2405/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/12/2020

---

പരാമർശം:- ഗ്രാമവികസന കമ്മീഷണറുടെ 22.06.2020 ലെ ഡി.പി 4/3903/19/സി.ആർ.ഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മാങ്കോട് - പൊടിയം റോഡിൽ കാർലക്കോട് എന്ന സ്ഥലത്ത് എം.പിയുടെ പ്രാദേശിക വികസന പദ്ധതി പ്രകാരം നടത്തിയ പാലം നിർമ്മാണത്തിൽ ശ്രീ. അബ്ദുൽ മുത്തലീബ് എന്നയാൾ മരണപ്പെട്ടു എന്ന് കാണിച്ചുകൊണ്ട് ടിയാളുടെ ഭാര്യ ശ്രീമതി. ഷജീന ബീവി ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽ നൽകിയ പരാതിയിന്മേൽ 8,61,120 രൂപ പരാതിക്കാരിക്ക് നൽകണമെന്ന് വിധിയായിരുന്നു. ഈ വിധിയിന്മേൽ എക്സിക്യൂഷൻ പെറ്റീഷനും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷനിൽ പരാതിക്കാരി ഫയൽ ചെയ്തിരുന്നു. ഈ വിധിയ്ക്കെതിരെ ബഹു. കേരള ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുന്നതിലേക്കായി നഷ്ടപരിഹാര തുകയായ 8,61,120 രൂപയും കോർട്ട്ഫീ തുകയായ 1,743 രൂപയും ഉൾപ്പെടെ 8,62,863 രൂപ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷനിൽ കെട്ടിവയ്ക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തുക അപര്യാപ്തമായതിനാൽ കമ്മിറ്റി തീരുമാനത്തിൽ അടിസ്ഥാനത്തിൽ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിരുന്നു. പ്രസ്തുത നടപടിക്ക് നടപടിയ്ക്ക് സാധൂകരണം ലഭ്യമാക്കണമെന്ന് പരാമർശ കത്ത് പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷനിൽ കെട്ടി വയ്ക്കുന്നതിനായി ചെലവഴിച്ച 8,62,863 രൂപ (എട്ടുലക്ഷത്തി അറുപത്തിരണ്ടായിരത്തി എണ്ണൂറ്റി അറുപത്തി മൂന്ന് രൂപ), കേസ് വിജയിച്ച് കെട്ടിവെച്ച തുക തിരികെ ലഭിക്കുന്ന സാഹചര്യത്തിലോ, തനത് ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കോ (ഏതാണോ ആദ്യം സംഭവിക്കുന്നത്) തിരിച്ച് ജനറൽ പർപ്പസ് ഫണ്ടിലേക്ക് നിക്ഷേപിക്കണമെന്ന വ്യവസ്ഥയോടെ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.24 10:14:00 IST
Reason: Approved